**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 362** — **19.03.2018-ൽ മറുപടിക്ക്**

## എൽ.ഇ.ഡി ലൈറ്റ്, നിരോധിത വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എം.ഷാജി<br>,, പാറക്കൽ അബ്ദുല്ല<br>,, സി.മമ്മൂട്ടി<br>,, എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ബോട്ടുകളും വള്ളങ്ങളും കടലിൽ എൽ.ഇ.ഡി. ലൈറ്റ് ഉപയോഗിച്ച് നടത്തുന്ന രാത്രികാല മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. |
| (ബി) | എങ്കിൽ ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ലൈറ്റ് ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്നത് മത്സ്യ സമ്പ ത്തിന്റെ നാശത്തിന് കാരണമാകുന്നതാണ്. കൂടാതെ ഇത്തരം മത്സ്യബന്ധന രീതികൾ മത്സ്യത്തൊഴിലാളികൾക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാകാനും കാരണമാകുന്നു ണ്ട്. മത്സ്യ ങ്ങളെ ആകർഷിച്ച് നടത്തുന്ന ഇത്തരം മത്സ്യ ബന്ധനം മത്സ്യസമ്പത്തിന്റെ നാശത്തിന് ഹേതുവാകുന്നു. ഈ തിരിച്ചറിവിന്റെ അടി സ്ഥാനത്തിൽ ലൈറ്റ് ഫിഷിംഗ് നിയന്ത്രിക്കു ന്നതിന് കെ.എം.എഫ്.ആർ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടു ണ്ട്. |
| (സി) | ഇത്തരം ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് തമിഴ് നാട്ടിൽ വിലക്കുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | തമിഴ്നാട്ടിൽ വിലക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനങ്ങ ളുടെ 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ടെറിട്ടോറിയൽ വാട്ടർ പരിധിക്കപ്പുറം എൽ. ഇ.ഡി ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം കേന്ദ്ര സർക്കാർ നിരോധിച്ചിട്ടു ണ്ട്. |
| (ഡി) | എങ്കിൽ തമിഴ് നാട്ടിൽ നിന്നുള്ള ബോട്ടുകളും വള്ളങ്ങളുമാണ് ഇവിടെ വന്ന് ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകളും ചില തദ്ദേശീയ ബോട്ടുകളും ലൈറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തു ന്നു ണ്ട്. എന്നാൽ കേരളത്തിന്റെ ടെറിട്ടോറി യിൽ വാട്ടർ മേഖലയിൽ നിശ്ചിത പരിധിക്ക പ്പുറം ശേഷിയുള്ള എൽ.ഇ.ഡി ലൈറ്റ് ഉപ യോഗി ച്ചുള്ള മത്സ്യബന്ധനം നിരോധി ക്കാൻ നടപടികൾ സ്വീകരിച്ചിട്ടു ണ്ട്. നിരോ ധനം കേരളത്തിലെ യാനങ്ങൾക്കും അന്യ സംസ്ഥാന യാനങ്ങൾക്കും ഒരു പോലെ ബാധകമാണ്. |

| | | | |
|---|---|---|---|
| (ഇ) | നിരോധിച്ച വലകൾ ഉപയോഗിച്ച് വൻകിട ട്രോളറുകൾ നടത്തുന്ന മത്സ്യബന്ധനവും ആയത് മൂലം മത്സ്യങ്ങൾക്ക് സംഭവിക്കുന്ന വംശനാശവും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഇ) | പരിശോധിച്ചിട്ടുണ്ട്. നിരോധിത വലകൾ ഉപയോഗിച്ച് നടത്തുന്ന മത്സ്യബന്ധനം മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാവും. ഇത്തരം മത്സ്യബന്ധനം തടയുന്നതിന് കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ